(ബി) ഏതെല്ലാം വർക്കുകൾക്കാണ് ഭരണാനുമതി ലഭിക്കാനുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വിശദവിവരങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്. †

കോടിമത-ചേർത്തല ആറുവരി പാതയുടെ നിർമ്മാണം

56 (1995) ശ്രീമതി മേഴ്സിരവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ കോടിമത നിന്നും ചേർത്തല വരെയുള്ള ആറു വരിപ്പാതയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടം വരെയെത്തിയിട്ടുണ്ട് ;

(ബി) പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) പ്രസ്തുത റോഡിന്റെ ലാന്റ് അക്വിസിഷൻ നടപടികൾ പുരോഗമിച്ചുവരുന്നു.

പട്ടാമ്പി ബൈപ്പാസ്, പട്ടാമ്പി-ചെർപ്പുള്ളശ്ശേരി റോഡുകളുടെ നിർമ്മാണം

57 (1996) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ പട്ടാമ്പി ബൈപ്പാസ്, പട്ടാമ്പി-ചെർപ്പുളശ്ശേരി റോഡ് എന്നീ വർക്കുകൾ എന്നത്തേക്ക് പണി ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ രണ്ട് വർക്കുകളും ഉടൻ ആരംഭിക്കുന്നതിനുവേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി ഈ വർഷം തന്നെ പണികൾ തുടങ്ങുന്നതിന് നടപടിയാരംഭിക്കുന്നതാണ്.

എം. എൽ. എ. റോഡ് പൂർത്തീകരിക്കാൻ അനുമതി

58 (1997) ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1988-ൽ ആരംഭിച്ച മാങ്കാവ്-കോട്ടൂളി സിവിൽ സ്റ്റേഷൻ എം.എൽ.എ. റോഡ് പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ ;

(ബി) പ്രസ്തുത റോഡിന്റെ മാവൂർ റോഡ്-കോട്ടൂളി ഭാഗത്തെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ;

† അനുബന്ധം -II

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ ഭരണാനുമതിയും സാങ്കേതിക അനുമതിയും നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) മാങ്കാവ്-കോട്ടൂളി സിവിൽ സ്റ്റേഷൻ എം.എൽ.എ. റോഡിന്റെ കി.മീ.0/00 മുതൽ കി.മീ. 7/453 വരെയുള്ള പണികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. കി.മീ. 0/00 മുതൽ 2/275 (സിവിൽ സ്റ്റേഷൻ) വരെയുള്ള ഭാഗവും കി.മീ. 4/565 മുതൽ 4/925 വരെയുള്ള ഭാഗവും കോഴിക്കോട് കോർപ്പറേഷൻ സ്ഥലമെടുത്ത് പി.ഡബ്ല്യു.ഡി.ക്ക് കൈമാറിയിട്ടില്ല.

2. കി.മീ. 2/275 മുതൽ 3/925 വരെയുള്ള പണികൾ പുരോഗതിയിലാണ്.

3. കി.മീ. 3/925 മുതൽ 4/565 വരെ ഭാഗത്തെ പണികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നേടാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. കി.മീ. 4/925 മുതൽ 7/453 വരെയുള്ള പണികൾ പൂർത്തിയായിട്ടുണ്ട്.

അപകടനിലയിലുള്ള പാലങ്ങൾ

59 (1998) ശ്രീ. പി. ടി. തോമസ് :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. വി. ബാലറാം :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അപകട നിലയിലുള്ള എത്ര പാലങ്ങൾ ഇപ്പോഴുണ്ട് ;

(ബി) ഇവയ്ക്കു പകരം പാലം നിർമ്മിക്കുന്നതിന് എന്തു തുക വേണ്ടി വരും എന്ന് വെളിപ്പെടുത്താമോ ;

(സി) കാലേകൂട്ടി ഇവയുടെ പണി പൂർത്തിയാക്കുന്നതിലേക്കായി ബി.ഒ.ടി. അടിസ്ഥാനത്തിൽ ഇവ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ദേശീയപാതാ വിഭാഗത്തിൽ 11 പാലങ്ങളും റോഡ്സ് & ബ്രിഡ്ജസ് വിഭാഗത്തിൽ ഏകദേശം 100 പാലങ്ങളും അപകട നിലയിലാണ്.

(ബി) ഓരോ പാലത്തിന്റെയും നിർമ്മാണം സംബന്ധിച്ച് വിശദമായ പഠനം നടത്തിയശേഷമേ ഇതിന്റെ ചെലവ് കണക്കാക്കാൻ കഴിയൂ.

(സി) പരിശോധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly